# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 1648

11.02.2013 - ലെ മറുപടിയ്ക്ക്

### ബ്ലോക്കടിസ്ഥാനത്തിൽ എം.എസ്.ഡി.പി യുടെ നടത്തിപ്പ്

**ചോദ്യം**

ശ്രീ. റ്റി.എ. അഹമ്മദ് കബീർ

ശ്രീ. എം. ഉമ്മർ

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

(എ) ന്യൂനപക്ഷ ക്ഷേമപദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും വിഹിതം വർദ്ധിപ്പിച്ചുകിട്ടുന്നതിനുമായി മന്ത്രി തലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(എ) നടപ്പു സാമ്പത്തിക വർഷം ന്യൂനപക്ഷക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികളാണ് കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുള്ളത്.

1. കേന്ദ്രാവിഷ്കൃതപദ്ധതിയായ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പദ്ധതി (എം.എസ്.ഡി.പി.)-ക്കായി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ഇപ്പോൾ കേരളത്തിൽ നിന്ന് വയനാട് ജില്ല മാത്രമാണുള്ളത്. പ്രസ്തുത പദ്ധതി ന്യൂനപക്ഷ കേന്ദ്രീകൃതമായ മറ്റ് 7 ജില്ലകളിലേയ്ക്ക് (മലപ്പുറം, പാലക്കാട്,എറണാകുളം, ആലപ്പുഴ, കൊല്ലം, കണ്ണൂർ, കോഴിക്കോട്) കൂടി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച്.
2. 12-ാം പദ്ധതിയിൽ ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകൾക്ക് പകരം ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളായി മാറ്റുന്ന പക്ഷം കേരളത്തിലെ വിവിധ ജില്ലകളിലെ 50 ബ്ലോക്കുകളെക്കൂടി പരിഗണിക്കുന്നത് സംബന്ധിച്ച്.
3. കുറഞ്ഞ ന്യൂനപക്ഷ ഫണ്ട് വിഹിതം ലഭിക്കുന്ന "ബി2" കാറ്റഗറിയിൽ നിന്നും കേരളത്തെ കൂടുതൽ ഫണ്ട് ലഭ്യമാകുന്ന "എ" കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.
4. സംസ്ഥാനത്ത് ലഭ്യമായിക്കൊണ്ടിരിക്കുന്ന പ്രീ മെട്രിക്, പോസ്റ്റ് മെട്രിക്, മെരിറ്റ് കം മീൻസ് സ്കോളർഷിപ്പുകൾ നിലവിൽ ജനസംഖ്യാനുപാതികമായി നൽകുന്നതിനു പകരം യോഗ്യരായ മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കണം. അല്ലാത്ത പക്ഷം അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായെങ്കിലും സ്കോളർഷിപ്പ് ഉറപ്പാക്കണം എന്നത് സംബന്ധിച്ച്.
5. മെരിറ്റ് കം മീൻസ് സ്കോളർഷിപ്പുകളിൽ ദേശീയ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ നിലവിലുള്ള പൂർണ്ണ ഫീസ് reimbursement പദ്ധതിയിൽ പ്രമുഖ ലോ സ്കൂളുകളെക്കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.

| | | | |
|---|---|---|---|
| | | | 6. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മൈനോരിറ്റി പദവി നൽകുന്ന നാഷണൽ കമ്മീഷൻ ഫോർ മൈനോരിറ്റി എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസിന്റെ ത്രൈമാസ സിറ്റിംഗ് കേരളത്തിൽ സംഘടിപ്പിക്കുന്നത് സംബന്ധിച്ച്.<br>7. രജപുത് റജിമെന്റിന്റെ കീഴിലെ ഹിന്ദുസ്ഥാൻ മുസ്ലീങ്ങൾക്ക് വേണ്ടിയുള്ള ബറ്റാലിയന്റെ റിക്രൂട്ട്മെന്റ് റാലികൾ കേരളത്തിലും സംഘടിപ്പിക്കുന്നത് സംബന്ധിച്ച്.<br>ടി പദ്ധതികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് മന്ത്രിതലത്തിൽ കേന്ദ്രസർക്കാരിൽ നിവേദനം സമർപ്പിക്കുകയുണ്ടായി. |
| (ബി) | വയനാട് ജില്ലയിൽ നടപ്പാക്കുന്ന കേന്ദ്ര പദ്ധതിയായ എം.എസ്.ഡി.പി.യുടെ നടത്തിപ്പ് ബ്ലോക്കടിസ്ഥാനത്തിലാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അനുകൂല തീരുമാനം ഉണ്ടായിട്ടുണ്ടോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി നടത്തിപ്പ് ബ്ലോക്കടിസ്ഥാനത്തിലും കൂടിയാണ് ഇനി നടപ്പാക്കുന്നതെന്ന് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം തീരുമാനമെടുത്തിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 50 ബ്ലോക്കുകളുടെ ലിസ്റ്റ് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ബ്ലോക്കടിസ്ഥാനത്തിൽ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന നേട്ടങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ? | (സി) | ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവുമായ പുരോഗതിയ്ക്കുവേണ്ടിയുള്ള പദ്ധതികൾ ആ പ്രദേശത്തിന്റെ ആവശ്യകത അനുസരിച്ച് കൂടുതൽ പ്രദേശത്ത് നടപ്പാക്കാനും പല ജില്ലകളിലെ ബ്ലോക്കുകളിൽ അവ നടപ്പിലാക്കുക വഴി ആ പ്രദേശങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ ഒരു പരിധി വരെ പരിഹരിക്കാനും കഴിയും. |

സെക്ഷൻ ഓഫീസർ